# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.994** **30.11.2018 ലെ മറുപടി**

## നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി (എ) മണ്ഡലത്തിലെ നട്ടിക്കടവ് കോട്ടയിൽ (മൂലക്കടവ്) പെരുമ്പ പുഴക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് കോട്ടയിൽ (മൂലക്കടവ്) പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ഡിസൈൻ ഐ.ഡി.ആർ.ബിയിൽ നിന്ന് ലഭിച്ചിരുന്നു. എന്നാൽ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തെ വെള്ളപ്പൊക്കത്തെ തുടർന്ന് നദിയിലുണ്ടായ പരമാവധി ജലനിരപ്പിന്റെ (എം.എഫ്.എൽ) അടിസ്ഥാനത്തിൽ ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് നബാർഡ് (ബി) പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ? | ഐ.ഡി.ആർ.ബിയിൽ നിന്നും അന്തിമ ഡിസൈൻ ലഭ്യമാക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിയ്ക്ക് നടപടിയെടുത്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**